ദേശാഭിമാനി BETA

Sep 10, 2016

# സ്രാവും തിരണ്ടിയും കുറയുന്നു

**കൊച്ചി** > സ്രാവ്, തിരണ്ടി എന്നിവയുടെ കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയാൻ സംയോജിതശ്രമം വേണമെന്ന് മത്സ്യത്തൊഴിലാളികൾ. വംശനാശഭീഷണി നേരിടുന്ന ജീവിവർഗങ്ങളുടെ പട്ടികയിൽ ഉൾപ്പെട്ട സ്രാവ്, തിരണ്ടി എന്നിവയുടെ ലഭ്യതയും കച്ചവടവുമായി ബന്ധപ്പെട്ട് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനം (സിഎംഎഫ്ആർഐ) സംഘടിപ്പിച്ച ചർച്ചയിലാണ് മത്സ്യത്തൊഴിലാളികൾ ഇക്കാര്യം നിർദേശിച്ചത്.

മത്സ്യക്കുഞ്ഞുങ്ങളെ പിടിക്കുന്നത് തടയുന്നതിനോട് പൂർണയോജിപ്പാണെന്ന് യോഗത്തിൽ സംസാരിച്ച മത്സ്യത്തൊഴിലാളി പ്രതിനിധികൾ പറഞ്ഞു. ഇതിന് ശാസ്ത്രസമൂഹവുമായി ചേർന്നു പ്രവർത്തിക്കാൻ തയ്യാറാണ്. മത്സ്യക്കുഞ്ഞുങ്ങളെ വൻതോതിൽ പിടിച്ചതുവഴി സ്രാവ്, തിരണ്ടി എന്നിവയുടെ ഗണ്യമായ കുറവ് അനുഭവപ്പെടുന്നതായി സിഎംഎഫ്ആർഐ കണ്ടെത്തിയിരുന്നു. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. എ ഗോപാലകൃഷ്ണൻ, ഡെമേഴ്സൽ ഫിഷറീസ് ഡിവിഷൻ തലവൻ ഡോ. പി യു സക്കറിയ, ശാസ്ത്രജ്ഞരായ ഡോ. ശോഭ കിഴക്കൂടൻ, ഡോ. രേഖ ജെ നായർ എന്നിവർ മത്സ്യത്തൊഴിലാളികളുടെ സംശയങ്ങൾക്ക് മറുപടി പറഞ്ഞു. ഡോ. ആർ നാരായണകുമാർ ആമുഖപ്രഭാഷണം നടത്തി.